I ഇ.ബി. XIV - കേരള നിയമസഭ /XIII-1

# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2018 നവംബർ 27, ചൊവ്വ

പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനം 2018 നവംബർ 27-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

**ചരമോപചാരം**

പി. ബി. അബ്ദുൽ റസ്സാക്കിന്റെ നിര്യാണം

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയിൽ അംഗമായിരുന്ന പി. ബി. അബ്ദുൽ റസ്സാക്ക് 2018 ഒക്ടോബർ 20-ന് അന്തരിച്ചു. മഞ്ചേശ്വരം മണ്ഡലത്തിൽ നിന്നും ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് പ്രതിനിധിയായി നിയമസഭാംഗമായ അദ്ദേഹം ചെങ്കള ആലമ്പാടി പടിഞ്ഞാറേമൂലയിൽ ബീരാൻ മൊയ്തീൻ ഹാജിയുടെയും ബീഫാത്തിമയുടെയും മകനായി 1955 ഒക്ടോബർ 1-ന് ജനിച്ചു.

മുസ്ലീം യൂത്ത് ലീഗിലൂടെ സജീവ രാഷ്ട്രീയ പ്രവർത്തനം ആരംഭിക്കുകയും 1979-ൽ മുസ്ലീം ലീഗിൽ ചേർന്ന് പ്രവർത്തിക്കുകയുമുണ്ടായി. മുസ്ലീം യൂത്ത് ലീഗ്, മുസ്ലീം ലീഗ് എന്നിവയുടെ ചെങ്കള പഞ്ചായത്ത് കമ്മിറ്റി ജനറൽ സെക്രട്ടറിയായിരുന്ന പി. ബി. അബ്ദുൽ റസ്സാക്ക് കാസർഗോഡ് നിയോജകമണ്ഡലം ജനറൽ സെക്രട്ടറി, മുസ്ലീം ലീഗ് കാസർഗോഡ് ജില്ലാ വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നീ പദവികൾ വഹിക്കുകയും 2000 മുതൽ 2005 വരെ ചെങ്കള ഗ്രാമപഞ്ചായത്ത് പ്രസിഡന്റായും 2005 മുതൽ 2009 വരെ ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനായും ഒരു വർഷം ജില്ലാ പഞ്ചായത്ത് പ്രസിഡന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. സാധാരണക്കാരനിൽ നിന്നും പ്രമുഖ വ്യവസായിയായി മാറിയ പി. ബി. അബ്ദുൽ റസ്സാക്ക് 2011-ൽ മഞ്ചേശ്വരം മണ്ഡലത്തിൽ നിന്നും ആദ്യമായി നിയമസഭയിലെത്തുകയും തുടർന്ന് 2016-ലും നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. പതിനാലാം കേരള നിയമസഭയിൽ അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി, ഹൗസ് കമ്മിറ്റി, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി എന്നിവയിൽ അദ്ദേഹം അംഗമായിരുന്നു. കാസർഗോഡ് സംയുക്ത ജുമാ-അത്ത് ആക്ടിംഗ് പ്രസിഡന്റായും കാസർഗോഡ് ജില്ലയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചെയർമാൻ/മാനേജർ എന്നീ നിലകളിലും പ്രവർത്തിച്ചുവന്നിരുന്ന അദ്ദേഹം

കേരളത്തിലെ വിദ്യാഭ്യാസ വികസന രംഗത്ത് നൽകിയ സംഭാവനകൾ നിസ്തുലമാണ്. ഒരിക്കൽ പരിചയപ്പെട്ടാൽ പിന്നീടൊരിക്കലും മറവിയിലേയ്ക്ക് മായാത്ത ഊഷ്മളമായ സൗഹൃദവും ലാളിത്യവുമായിരുന്നു ആ വ്യക്തിത്വത്തിന്റെ ഔന്നത്യം. സംസ്ഥാനത്തിന്റെ പൊതുവായ വികസന പ്രവർത്തനങ്ങളിലും സാമൂഹിക പ്രവർത്തനങ്ങളിലും സജീവ ശ്രദ്ധ പതിപ്പിച്ചിരുന്ന പി. ബി. അബ്ദുൽ റസ്സാക്കിന്റെ വിയോഗത്തിലൂടെ മികച്ച പൊതുപ്രവർത്തകനെയും കഴിവുറ്റ സാമാജികനെയുമാണ് നഷ്ടമായിരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ബഹുമാനപ്പെട്ട സ്പീക്കർ പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായും യോജിക്കുന്നു. മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ നിയമസഭാംഗമായിരുന്ന പി. ബി. അബ്ദുൽ റസ്സാക്കിന്റെ അകാലത്തിലുണ്ടായ വേർപാട് കേരളീയരെയും സഭയെയും ദു:ഖത്തിലാഴ്ത്തിയിരിക്കുകയാണ്. ഏതൊരു സാധാരണക്കാരനും സമീപിക്കാവുന്ന വ്യക്തിത്വത്തിന്റെ ഉടമയായിരുന്ന അദ്ദേഹത്തിന്റെ അപ്രതീക്ഷിത വേർപാടിലൂടെ നിയമസഭയിലെ പുഞ്ചിരിക്കുന്ന സാന്നിദ്ധ്യമാണ് നഷ്ടമായിരിക്കുന്നത്. വ്യവസായ രംഗത്ത് പ്രവർത്തിച്ചിരുന്ന അദ്ദേഹം കഠിന പരിശ്രമങ്ങളിലൂടെയും അർപ്പണബോധത്തോടെയുമാണ് പൊതുസാമൂഹ്യ-രാഷ്ട്രീയ മണ്ഡലങ്ങളിൽ ശ്രദ്ധേയനായത്. പൊതുപ്രവർത്തന രംഗത്ത് മൂല്യങ്ങൾക്ക് പ്രാതിനിധ്യം നൽകി പ്രവർത്തിച്ചിരുന്ന നേതാവെന്ന

നിലയിൽ ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കുകയും അവർക്കുവേണ്ടി പ്രവർത്തിക്കുന്നതിൽ സന്തോഷം കണ്ടെത്തുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ വേർപാടിലൂടെ നാടിനും പൊതുസമൂഹത്തിനും വലിയ നഷ്ടമാണ് ഉണ്ടായിരിക്കുന്നത്. ആ സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും സഭയുടെ ദു:ഖത്തിൽ പങ്ക് ചേരുകയും ചെയ്യുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): പി. ബി. അബ്ദുൽ റസ്സാക്കിനെക്കുറിച്ച് ബഹുമാനപ്പെട്ട സ്പീക്കറും സഭാനേതാവും പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുന്നു. ഒരു പൊതുപ്രവർത്തകന് എങ്ങനെ ജനഹൃദയങ്ങളിൽ ഇടംപിടിക്കാൻ സാധിക്കുമെന്നതിന് ഉത്തമ ഉദാഹരണമായി പ്രവർത്തിച്ച അദ്ദേഹത്തിന്, താൻ പ്രതിനിധാനം ചെയ്യുന്ന മണ്ഡലവും അവിടത്തെ ജനങ്ങളും ഏറെ പ്രിയപ്പെട്ടതായിരുന്നു. ജീവകാരുണ്യ പ്രവർത്തനവും പൊതുപ്രവർത്തനവും തമ്മിൽ യാതൊരു വ്യത്യാസവും പ്രകടിപ്പിക്കാതെ പ്രവർത്തിച്ച സൗമ്യനും മിതഭാഷിയുമായ പി. ബി. അബ്ദുൽ റസ്സാക്ക് മഞ്ചേശ്വരത്തിന്റെയും കാസർഗോഡിന്റെയും വികസന പ്രവർത്തനങ്ങൾക്കുവേണ്ടിയായിരുന്നു എന്നും പോരാടിയിരുന്നത്. ഏഴ് വർഷം നിയമസഭാ സാമാജികനും അഞ്ച് വർഷം ചെങ്കള പഞ്ചായത്ത് പ്രസിഡന്റും ഒരു വർഷത്തിലധികം ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. വർഗ്ഗീയ ശക്തികളെ കാസർഗോഡിന്റെ മണ്ണിലും

മഞ്ചേശ്വരത്തും തടഞ്ഞു നിർത്തുന്നതിൽ ഒരു കോട്ടപോലെ അദ്ദേഹം പ്രവർത്തിച്ച കാര്യം ഈയവസരത്തിൽ സ്മരിക്കുന്നു. ഒരു സഹപ്രവർത്തകൻ എന്നതിലുപരി സഹോദരതുല്യമായ സ്നേഹം പ്രകടിപ്പിച്ച മാതൃകാപരമായ ഒരു ജനസേവകൻ എന്ന നിലയിൽ കേരളം എന്നും അദ്ദേഹത്തിന്റെ സംഭാവനകൾ സ്മരിക്കും. അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പി. ബി. അബ്ദുൽ റസ്സാക്കിന്റെ നിര്യാണത്തെ സംബന്ധിച്ച് ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളോട് യോജിക്കുന്നു. അദ്ദേഹത്തിന്റെ വേർപാട് എല്ലാവരെയും ദു:ഖത്തിലാഴ്ത്തിയിരിക്കുകയാണ്. അദ്ദേഹം തെരഞ്ഞെടുപ്പിൽ വിജയിച്ച് നിയമസഭയിലെത്തിയത് വർഗ്ഗീയതയ്ക്കെതിരെയുള്ള വിജയമായാണ് എല്ലാവരും വിലയിരുത്തിയത്. നിയമസഭാംഗമായി പ്രവർത്തിക്കുമ്പോഴും സാധാരണക്കാരുമായി ഉറ്റബന്ധം കാത്തുസൂക്ഷിച്ചിരുന്നു. കാസർഗോഡിന്റെയും വടക്കൻ മലബാറിന്റെയും വികസനത്തിൽ ഏറെ പങ്ക് വഹിച്ച സുഹൃത്തും സഹോദരതുല്യനുമായ പി.ബി. അബ്ദുൽ റസ്സാക്കിന്റെ നിര്യാണത്തിൽ സഭയുടെ വികാരത്തോടൊപ്പം ഞാനും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സപ്തഭാഷകളുടെ സംഗമഭൂമിയായ കേരളത്തിലെ മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽനിന്ന് സപ്തവർണ്ണങ്ങളോടുകൂടി വിജയിച്ചുവന്ന

പ്രതിഭയായിരുന്ന "റദ്ദുച്ച" എന്ന പേരിൽ അറിയപ്പെട്ടിരുന്ന പി. ബി. അബ്ദുൽ റസ്സാക്ക്. അദ്ദേഹത്തിന്റെ വിയോഗം കേരളത്തിനും പ്രത്യേകിച്ച് മുസ്ലീം ലീഗിനും നികത്താൻ കഴിയാത്ത നഷ്ടമാണ്. പ്രതിനിധാനം ചെയ്യുന്ന പ്രദേശത്തിന്റെ വികാരം നിയമസഭയിൽ പ്രകടിപ്പിക്കുകയും അതിനായി പൊരുതുന്നത് ജീവിതലക്ഷ്യമായി കാണുകയും ചെയ്തിരുന്ന ആളായിരുന്നു അദ്ദേഹം. പാവപ്പെട്ടവരെ സഹായിക്കുന്നതിനായി ആരുമറിയാതെ  സ്വന്തം സമ്പത്ത് വിനിയോഗിക്കുകയും നിയോജകമണ്ഡലത്തിലെ ഭൂരഹിതരായ ആളുകൾക്ക് നൽകുന്നതിനായി സർക്കാരിന് ഭൂമി വിട്ട് നൽകുകയും ചെയ്തിട്ടുണ്ട്. വർഗ്ഗീയതയെയും ഫാസിസത്തെയും ചെറുത്തുതോൽപ്പിക്കുന്നതിനുവേണ്ടി മതനിരപേക്ഷതയുടെ കൊടിക്കൂറ ഉയർത്തിപ്പിടിച്ച വ്യക്തിയാണ് അദ്ദേഹം. അപ്രതീക്ഷിതമായ അദ്ദേഹത്തിന്റെ വേർപാട് വ്യക്തിപരവും പാർട്ടിക്കുണ്ടായ തീരാനഷ്ടവുമാണ്; അത് കേരളത്തിന്റെയും വേർപാടാണെന്ന് ബോധ്യപ്പെടുത്തുന്ന രീതിയിലുള്ള ചരമോപചാരം നടത്തിയതിൽ പാർട്ടിയുടെ നന്ദി അറിയിക്കുന്നു.

ശ്രീ. സി. കെ നാണു: ജനസമ്മതനും സൗഹൃദശാലിയും കലാകാരനുമായ പി. ബി. അബ്ദുൽ റസ്സാക്കിന്റെ വിയോഗത്തിൽ ബഹുമാന്യരായ മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, മറ്റ് കക്ഷിനേതാക്കൾ എന്നിവർ പ്രകടിപ്പിച്ച ദുഃഖത്തിൽ ഞാനും പങ്കുചേരുന്നു.

<u>ശ്രീ. കെ. എം. മാണി</u>: പി. ബി. അബ്ദുൽ റസ്സാക്കിന്റെ വേർപാട് കേരള നിയമസഭയ്ക്കും ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനും കേരളത്തിന്റെ പൊതുപ്രവർത്തന രംഗത്തിനും തീരാനഷ്ടമാണ്. പാവപ്പെട്ടവർക്കുവേണ്ടി ജീവിതം സമർപ്പിച്ച ഒരു പൊതു പ്രവർത്തകനായിരുന്നു അദ്ദേഹം. മഞ്ചേശ്വരം നിയോജകമണ്ഡലത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിനുവേണ്ടി നിസ്വാർത്ഥ സേവനം നടത്താനും സ്വന്തം മണ്ഡലത്തിലെ വിവിധ സ്കൂളുകളുടെ ചെയർമാൻ പദവിയിലിരുന്നുകൊണ്ട് കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് നിസ്തുല സംഭാവനകൾ നൽകാനും അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. തികഞ്ഞ പ്രതിച്ഛായയും വ്യക്തിമുദ്രയും കാത്തുസൂക്ഷിച്ച അദ്ദേഹത്തിന്റെ വേർപാടിൽ സഭ രേഖപ്പെടുത്തിയ ദുഃഖത്തിൽ ഞാനും എന്റെ പാർട്ടിയും പങ്ക് ചേരുന്നു; അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

<u>ശ്രീ. തോമസ് ചാണ്ടി</u>: ഏഴ് വർഷക്കാലംകൊണ്ട് നാടിന്റെ വികസന പ്രവർത്തനങ്ങൾക്കായി നിരവധി കാര്യങ്ങൾ ചെയ്യാൻ പി. ബി. അബ്ദുൽ റസ്സാക്കിന് സാധിച്ചിട്ടുണ്ട്. സൗമ്യമായ പെരുമാറ്റവും ജനാധിപത്യത്തിലുള്ള അടിയുറച്ച വിശ്വാസവുമാണ് അദ്ദേഹത്തെ തെരഞ്ഞെടുപ്പിൽ വിജയിപ്പിച്ചത്. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ കുടുംബാംഗങ്ങൾക്കൊപ്പം എൻ.സി.പി. സംസ്ഥാന കമ്മിറ്റിയുടെ പേരിലും പാർലമെന്ററി പാർട്ടിയുടെ പേരിലും

അനുശോചനം അറിയിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

ശ്രീ. അനൂപ് ജേക്കബ്: പി. ബി. അബ്ദുൽ റസ്സാക്കിന്റെ ദേഹവിയോഗത്തിൽ സഭയിൽ ഉയർന്നുവന്ന പൊതുവികാരത്തോട് ഞാനും പങ്കുചേരുന്നു. സൗമ്യമായ സമീപനവും ഭാഷാന്യൂനപക്ഷങ്ങളോടുള്ള പ്രതിബദ്ധതയും അദ്ദേഹത്തിന്റെ വാക്കുകളിൽ ഉയർന്നുവന്നിട്ടുണ്ട്. വ്യവസായിയായിരിക്കുമ്പോഴും പാവപ്പെട്ടവരോടുള്ള പ്രതിബദ്ധത അദ്ദേഹത്തിന്റെ പ്രവൃത്തികളിലൂടെ തെളിയിക്കാൻ സാധിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷ പദവിയിൽനിന്നും സ്വപ്രയത്നത്തിലൂടെ എം.എൽ.എ. ആയ വ്യക്തിയാണ് അദ്ദേഹം. മതേതരത്വത്തിന് ഒരു ഉദാഹരണമായി എക്കാലവും നിലനിൽക്കാൻ പോകുന്ന അദ്ദേഹത്തിന്റെ വേർപാട് മുസ്ലിം ലീഗിനും കാസർഗോഡ് ജില്ലയ്ക്കും പൊതുസമൂഹത്തിനും തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെ വേർപാടിൽ അഗാധമായ ദുഃഖം അറിയിക്കുകയും എന്റെയും പാർട്ടിയുടെയും അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പി. ബി. അബ്ദുൽ റസ്സാക്കിന്റെ അകാല ദേഹവിയോഗത്തിൽ ഇവിടെ രേഖപ്പെടുത്തിയ അഭിപ്രായങ്ങളോട് ഞാനും യോജിക്കുന്നു. എം.എൽ.എ. ആകുന്നതിന് മുമ്പുതന്നെ മണ്ഡലത്തിന്റെ ബഹുമുഖമായ പ്രവർത്തനങ്ങളിൽ സജീവ സാന്നിദ്ധ്യമാകാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. അകാലത്തിൽ നമ്മെ

വിട്ടുപിരിഞ്ഞ അദ്ദേഹത്തിന്റെ ഓർമ്മയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. ഒ. രാജഗോപാൽ: കേരളത്തിന്റെ വടക്കേ അറ്റത്ത് താമസിക്കുന്ന കന്നട ഭാഷ സംസാരിക്കുന്നവരെ കർണ്ണാടക സംസ്ഥാനത്തോട് ചേർക്കാൻ നീക്കമുണ്ടായ സാഹചര്യത്തിൽ അതിൽനിന്നും അവരെ പിന്തിരിപ്പിക്കുന്നതിനും കാസർഗോഡ് ജില്ല രൂപീകരിക്കുന്നതിനും പി. ബി. അബ്ദുൽ റസ്സാക്കും അദ്ദേഹത്തിന്റെ പാർട്ടിയും നിസ്തുലമായ പങ്ക് വഹിച്ചിട്ടുണ്ട്. വ്യക്തിപരമായും സാമൂഹ്യപരവുമായുമുള്ള സംഘർഷങ്ങളില്ലാതെ ജനാധിപത്യരീതിയിൽ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ മുൻകയ്യെടുത്തിരുന്ന അദ്ദേഹത്തിന്റെ വിയോഗത്തിൽ ഞാനും എന്റെ പാർട്ടിയും അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: 'റദ്ദുച്ച' എന്ന് സ്നേഹപൂർവ്വം ജനങ്ങൾ വിളിച്ചിരുന്ന പി. ബി. അബ്ദുൽ റസ്സാക്കിനെക്കുറിച്ച് "ഒരിക്കൽ പരിചയപ്പെട്ടാൽ പിന്നീടൊരിക്കലും മായാത്ത ഊഷ്മള സൗഹൃദമാണെന്ന്" ബഹു. സ്പീക്കർ പറഞ്ഞത് വാസ്തവമാണ്. മതന്യൂനപക്ഷങ്ങളുടെയും ഭാഷാന്യൂനപക്ഷങ്ങളുടെയും മതേതരത്വത്തിന്റെയും കാവൽഭടനായി നിന്ന നല്ലൊരു നേതാവായിരുന്നു അദ്ദേഹം. പാവപ്പെട്ടവർക്കുവേണ്ടി ജീവിക്കുകയും അവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുകയും ചെയ്ത ഒരു വ്യക്തിത്വം സഭയിലുണ്ടായിരുന്നു എന്നുള്ളത് അഭിമാനകരമായൊരു കാര്യമാണ്. അദ്ദേഹത്തിന്റെ അകാല വിയോഗത്തിൽ

എന്റെയും പാർട്ടിയുടെയും അനുശോചനം രേഖപ്പെടുത്തുന്നു; ആത്മാവിന് നിത്യശാന്തി നേരുന്നു.

<u>ശ്രീ. എൻ. വിജയൻ പിള്ള</u>: സൗമ്യനും സുസ്മേരവദനനും എല്ലാവരോടും സ്നേഹത്തോടെ പെരുമാറുകയും ചെയ്യുന്ന വ്യക്തിയായിരുന്നു പി. ബി. അബ്ദുൽ റസ്സാക്ക്. സാമാജികൻ എന്ന നിലയിലുള്ള ഏഴുവർഷത്തെ അദ്ദേഹത്തിന്റെ പ്രവർത്തനം കാസർഗോഡ് ജില്ലയ്ക്കും പ്രത്യേകിച്ച് അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന മണ്ഡലത്തിനും ഏറെ പ്രയോജനം ചെയ്തിട്ടുണ്ട്. അബ്ദുൽ റസ്സാക്കിന്റെ അകാലനിര്യാണത്തിൽ ഈ സഭയോടും കുടുംബാംഗങ്ങളോടുമൊപ്പം ഞാനും ദുഃഖത്തിൽ പങ്കുചേരുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: പി.ബി. അബ്ദുൽ റസ്സാക്കിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു. അദ്ദേഹത്തെക്കുറിച്ച് സഭയിൽ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാനും യോജിക്കുന്നു. വിദ്യാഭ്യാസ വിദഗ്ധനും പൊതു പ്രവർത്തകനുമായിരുന്ന അദ്ദേഹം നല്ലൊരു ബിസിനസ്സുകാരൻ കൂടിയായിരുന്നു. ഗ്രാമ-ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, സാമാജികൻ എന്നീ നിലകളിൽ ജനസേവനം നടത്തിയ അദ്ദേഹത്തിന്റെ നിര്യാണം സംസ്ഥാനത്തിന് തീരാ നഷ്ടമാണ്. എല്ലാ മതവിഭാഗങ്ങളേയും ഒരുമിപ്പിച്ചുകൊണ്ടുപോകാനും വർഗ്ഗീയ ശക്തികൾക്കെതിരായി നിലപാട് സ്വീകരിക്കാനും മതേതര മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനുമുള്ള

അദ്ദേഹത്തിന്റെ പോരാട്ടം പ്രശംസനീയമാണ്. പരേതന്റെ ആത്മാവിന് നിത്യശാന്തി നേരുന്നതോടൊപ്പം അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടും പാർട്ടിയോടും എന്റെ ദുഃഖം അറിയിക്കുന്നു.

(അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

സഭ രാവിലെ 9.33-ന് പിരിഞ്ഞു.

-------------